# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6918 — 13.07.2012 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് നടപടി

ചോദ്യം : ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

കാസർഗോഡ് ജില്ലയിൽ വ്യാപകമായ കടൽക്ഷോഭം നേരിടുന്നതിന് വേണ്ടി എന്തൊക്കെ അടിയന്തിരനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ (2011-2013) 552.50 ലക്ഷം രൂപ ചെലവിൽ മുസോഡി. നാംഗി, കൊപ്പാള, കസബ, ജമാകടപ്പുറം കാവുഗോളി, അജാനൂർ എന്നിവിടങ്ങളിലെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരുന്നു. രണ്ടാം ഘട്ടത്തിൽ (2013-2015) നടപ്പാക്കാനായി കാവുഗോളി കടപ്പുറത്ത് 171 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മൊത്തം 723.50 ലക്ഷം രൂപ ചെലവിൽ 1715 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ നടപ്പാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 24 ലക്ഷം രൂപ ചെലവിൽ തൃക്കണ്ണാട് കടപ്പുറത്ത് 165 മീ. നീളത്തിൽ നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപണികൾ അവസാന ഘട്ടത്തിലാണ്. അതുപോലെ 29.45 ലക്ഷം രൂപ ചെലവിൽ ചേരങ്കൈ കടപ്പുറത്ത് 90 മീ. നീളത്തിൽ 2 പുനരുദ്ധാരണ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. കൂടാതെ ജമാകൊവ്വൽ കടപ്പുറം, തൈക്കടപ്പുറം, മാവിലാകടപ്പുറം എന്നിവിടങ്ങളിലായി 8.21 കി.മീ. നീളത്തിൽ 36.36 കോടി രൂപയുള്ള 4 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി

വരുന്നു. ഷിറിയ കടപ്പുറത്ത് 300 മീ. നീളത്തിൽ 128 ലക്ഷം രൂപ ചെലവിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കും, അതുപോലെ മണിമുണ്ട, കസബ, ചേരങ്കൈ, കാവുഗോളി, തൃക്കണ്ണാട്, മരക്കാപ്പ്, മാവില എന്നീ കടപ്പുറങ്ങളിൽ മൊത്തം 79.25 കോടി രൂപ ചെലവിൽ പുലിമുട്ട് നിർമ്മാണത്തിനുള്ള പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ